"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ് - കൺസോർഷ്യം വ്യവസ്ഥയുടെ ഭാഗമായുള്ള കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.റ്റി.ഡി.എഫ്.സി.) നെ ഒഴിവാക്കി കേരള ബാങ്കിനെ കൺസോർഷ്യം വ്യവസ്ഥയുടെ ഭാഗമാകുന്നതിന് അനുമതി നൽകിയും ഇതുമായി ബന്ധപ്പെട്ട് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കൈക്കൊണ്ട നടപടികൾക്ക് സാധൂകരണം നൽകികൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.37/2025/TRANS തീയതി,തിരുവനന്തപുരം, 30-01-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 130/2018/ഗതാ തീയതി 27/03/2018.

2. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 22.01.2025 തീയതിയിലെ ബ്ഡ്.1/002870/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് (കെ.എസ്.ആർ.ടി.സി.) 3100 കോടി രൂപയുടെ ലോൺ ലഭ്യമാക്കുന്നതിനുള്ള ബാങ്ക് കൺസോഷ്യത്തിൽ കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.റ്റി.ഡി.എഫ്.സി.)-യെ ഉൾപ്പെടുത്തുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. മറ്റ് മെമ്പർ ബാങ്കുകളേക്കാൾ കൂടിയ നിരക്കിൽ കെ.റ്റി.ഡി.എഫ്.സി. പലിശ ഈടാക്കുന്നതിനാൽ കൺസോർഷ്യം വ്യവസ്ഥയുടെ ഭാഗമായുള്ള കെ.റ്റി.ഡി.എഫ്.സി.യെ പൂർണ്ണമായി ഒഴിവാക്കി, കെ.റ്റി.ഡി.എഫ്.സി.യുടെ വായ്പ വിഹിതമായ 137.50 കോടി രൂപ പൂർണ്ണമായി ഏറ്റെടുക്കുന്നതിനായി കേരള ബാങ്ക് അനുമതി നൽകിയ സാഹചര്യത്തിൽ 28.11.2024-ൽ ചേർന്ന കെ.എസ്.ആർ.ടി.സി. യുടെ 427-ാമത് ഭരണസമിതി യോഗം ഈ വിഷയം ചർച്ച ചെയ്യുകയും, കൺസോർഷ്യം വ്യവസ്ഥയുടെ ഭാഗമായുള്ള കെ.റ്റി.ഡി.എഫ്.സി. വായ്പ പൂർണ്ണമായി കേരള ബാങ്ക് ഏറ്റെടുത്ത്

കെ.റ്റി.ഡി.എഫ്.സി.യെ കൺസോർഷ്യം വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കുന്ന നടപടിയ്ക്ക് അംഗീകാരം നൽകിയിട്ടുമുണ്ട് എന്നും കേരള ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കരാറുകൾ ഒപ്പുവെക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നും കെ.റ്റി.ഡി.എഫ്.സി.യ്ക്ക് പകരമായി കേരള ബാങ്ക് കൺസോർഷ്യം വ്യവസ്ഥയുടെ ഭാഗമാകുന്നതിന് കെ.എസ്.ആർ.ടി.സി. കൈക്കൊണ്ട നടപടികൾക്ക് സാധൂകരണം നൽകണമെന്നും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരിന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനായി, കൺസോർഷ്യം വ്യവസ്ഥയുടെ ഭാഗമായി മെമ്പർ ബാങ്കുകൾക്ക് ഈടായി നല്കിയ വസ്തു വകകൾ, കേരള ബാങ്കിനും ഈടായി നല്കേണ്ടതും, കെ.റ്റി.ഡി.എഫ്.സി. യെ കാരറുകളിൽ നിന്നും ഒഴിവാക്കേണ്ടതുമാണ് എന്നും ഇത് സംബന്ധിച്ച കരാറുകൾ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ മുദ്ര വിലയും, രജിസ്ട്രേഷൻ ഫീസും ഒടുക്കുന്നതിൽ നിന്നും 11.11.2024 ലെ സഉ(പി) നം.165/2024/ടാക്സസ് പ്രകാരം കെ.എസ്.ആർ.ടി.സി. യെ പൂർ ണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ കൺസോർഷ്യം വ്യവസ്ഥയുടെ ഭാഗമായുള്ള മറ്റ് മെമ്പർ ബാങ്കുകൾ കെ.റ്റി.ഡി.എഫ്.സി. വായ്പ കേരള ബാങ്ക് ഏറ്റെടുക്കുന്നതിന് അനുമതി നല്കിക്കൊണ്ട് No Objection Certificate ലഭ്യമാക്കിയിട്ടുണ്ട് എന്നുംചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ, കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ പ്രൊപ്പോസൽ പരിഗണിച്ച് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് (കെ.എസ്.ആർ.ടി.സി.) 3100 കോടി രൂപയുടെ ലോൺ ലഭ്യമാക്കുന്നതിനുള്ള ബാങ്ക് കൺസോർഷ്യം വ്യവസ്ഥയുടെ ഭാഗമായുള്ള കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.റ്റി.ഡി.എഫ്.സി.) വായ്പ പൂർണ്ണമായി കേരള ബാങ്ക് ഏറ്റെടുത്ത്, കെ.റ്റി.ഡി.എഫ്.സി.യ്ക്ക് പകരമായി കേരള ബാങ്ക് കൺസോർഷ്യം വ്യവസ്ഥയുടെ ഭാഗമാകുന്നതിന് അനുമതി നൽകിക്കൊണ്ടും ഈ വിഷയവുമായി ബന്ധപ്പെട്ട് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കൈക്കൊണ്ട നടപടികൾക്ക് സാധൂകരണം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിജയശ്രീ.കെ.എസ്

അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ (പി.യു.-എ) വകുപ്പ്

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി. (E 2897181)

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:- ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.